

പ്രഫ. മാത്യു ഉലകംതറ

# ചാവരുളിലെ കുടുംബദർശനം

ആഴമേറിയ മന:ശാസ്ത്രജ്ഞാനവും മതദർശനവും ജീവിത നിരീക്ഷണവും സന്മാർഗനിഷ്ഠയും സ്വായത്തമാക്കിയിട്ടുള്ള ഒരു വിശുദ്ധ പുരുഷന്റെ കുടുംബദർശനമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചാവരുളിൽ ദൃശ്യമാകുന്നത്. കുടുംബജീവിതത്തിന്റെ നാനാവശങ്ങളെ സൂക്ഷ്മതലങ്ങളിൽ സ്പർശിക്കുന്ന ഇത്തരമൊരു ഗ്രന്ഥം മറ്റൊരു വിശുദ്ധനും എഴുതിയതായറിവില്ല. ആസന്നമരണനായ ഒരു പിതാവ് തന്റെ മക്കൾക്കു നൽകുന്ന ഉപദേശത്തിന്റെ രൂപത്തിലാണ് അതെഴുതിയിരിക്കുന്നത്. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ഗ്രന്ഥനാമംതന്നെ അതു സൂചിപ്പിക്കുന്നുണ്ട്. തന്റെ മക്കളുടെ ഭൗതിക ഭാവിയും മരണാനന്തര ജീവിതവും ശോഭനമായിക്കാണാനാഗ്രഹിക്കുന്ന ഒരു നല്ല അപ്പന്റെ മാനസിക വികാരങ്ങൾ അദ്ദേഹം വേണ്ടപോലെ കണ്ടറിഞ്ഞിരിക്കുന്നു.

ആധുനിക കാലത്തു രൂപം കൊണ്ടു വളരുന്ന വിവാഹപൂർവകോഴ്സുകൾക്കും ഫാമിലി കൗൺസലിംഗിനുമൊക്കെ പാഠ്യപുസ്തകമാക്കാവുന്ന നാതിവിസ്തൃതമായ ചിന്താരത്നങ്ങളുടെ ഒരു സമാഹാരമാണ് ചാവരുൾ. വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിനു നൽകിയിട്ടുള്ള അനേകം മഹനീയ സംഭാവനകളിൽ പ്രധാനപ്പെട്ട ഒന്നാണ് കുടുംബനവീകരണത്തിനുള്ള ഈ മാർഗദർശനം. അതുകൊണ്ടുതന്നെ അദ്ദേഹത്തിനു നൽകിപ്പോരുന്ന മറ്റു വിശേഷണങ്ങളിൽ വച്ചു പ്രഥമസ്ഥാനം നൽകാവുന്ന ഒന്നാണ് കുടുംബപ്രേഷിതൻ എന്ന വിശിഷ്ട ബിരുദം. കാരണം, കൃഷിയും വാണിജ്യവും കൂലിപ്പണിയുമുൾപ്പെടെ നമ്മുടെ സകല പ്രവർത്തനങ്ങളും കുടുംബക്ഷേമത്തിനു വേണ്ടിയാണല്ലോ. നല്ല കുടുംബങ്ങളിൽ, ആവശ്യമായ സദാചാരശിക്ഷണം ലഭിക്കുന്ന കുഞ്ഞുങ്ങളുടെ ഭവനങ്ങളിൽ നിന്നു മാത്രമേ നീതിയും സമാധാനവുമുള്ള ഒരു രാഷ്ട്രം രൂപപ്പെടുകയുള്ളൂ. അത്തരം മക്കളിൽ നിന്നേ മാതാപിതാക്കൾക്കും സമൂഹത്തിനും ഭാവിയിൽ ആശ്വാസം ലഭിക്കൂ.

ചേന്നങ്കരിപ്പള്ളി ഇടവകക്കാരനായിരുന്ന ചാവറ കുര്യാക്കോസിന്റെ മകനായിട്ടാണദ്ദേഹം ജനിച്ചതെങ്കിലും തന്റെ തറവാട്ടുകാരും കൂടപ്പിറപ്പുകളും ബന്ധുക്കളും താമസിക്കുന്ന കൈനകരിപ്പള്ളി ഇടവകയിലെ ജനങ്ങൾക്കു വേണ്ടി എഴുതിവച്ചിരുന്ന മരണശാസനമാണ് "ഒരു നല്ല അപ്പന്റെ ചാവരുൾ". താൻ മരിച്ചാലും ഈ കൈയെഴുത്ത് മരിക്കില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം ഫലിക്കുകയും ചെയ്തു. കൈനകരിക്കാർക്കു മാത്രമല്ല കേരളീയർക്കു മൊത്തത്തിലും ക്രൈസ്തവർക്ക് പ്രത്യേകിച്ചും അതൊരു വിലയേറിയ കുടുംബസ്വത്തായി മാറി.

കുടുംബാംഗങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹബന്ധത്തെപ്പറ്റിയാണ് ഒന്നാം ചാവരുൾ അനുസ്മരിപ്പിക്കുന്നത്. "ഭിന്നിക്കപ്പെട്ട രാജ്യം ചിന്നിച്ചിതറുന്നതുപോലെ ഭിന്നിക്കപ്പെടുന്ന കുടുംബവും തമ്മിലടിച്ചു ചിതറും". എന്ന ദ്ദേഹം മുന്നറിയിപ്പുനൽകുന്നു. തിരുക്കുടുംബ സദൃശമായി അന്യോന്യം സ്നേഹിച്ചും സഹായിച്ചും കഴിയേണ്ട ക്രിസ്തീയ കുടുംബങ്ങൾ നിസാരമായ അടുക്കളവഴക്കുകളിലാരംഭിച്ച് സഹോദരങ്ങൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ഉള്ള നിത്യശത്രുതയിലവസാനിക്കുന്ന എത്രയോ അനുഭവങ്ങൾ ആ വാഴ്ത്തപ്പെട്ട പിതാവിന്റെ മനസിലുണ്ടായിരിക്കണം. കെട്ടിക്കൊണ്ടുവന്നവരും വീട്ടിൽ നിന്നവരും തമ്മിലാരംഭിക്കുന്ന അഭിപ്രായ വ്യത്യാസങ്ങളാകാം ഇത്തരം ദുരന്തങ്ങളിൽ ചെന്നു കലാശിക്കുക.

കുടുംബകലഹങ്ങളുമായി കോടതി കയറുകയും സിവിലായും ക്രിമിനലായുമുള്ള സുദീർഘവ്യവഹാരങ്ങൾമൂലം കുത്തുപാളയെടുക്കുകയും ചെയ്യുന്ന കുടുംബങ്ങളെ ഓർത്തുകൊണ്ടായിരിക്കണം "സർക്കാരിൽ പോകുന്ന വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുമെന്നും എത്ര ന്യായമുള്ള കാര്യത്തിനായാലും കേസിനു പോകാതിരിക്കുന്നതാണ് നല്ല"തെന്നും അദ്ദേഹം ഓർമിപ്പിക്കുന്നത്. ഒരു പള്ളിവികാരിക്കോ പഞ്ചായത്ത് പ്രസിഡന്റിനോ നാട്ടിലെ മാന്യമായ ഒരു മധ്യസ്ഥനോ പറഞ്ഞുതീർക്കാവുന്ന കാര്യമായിരിക്കും. ഇടവഴിയിൽ നിന്ന ഒരു ആഞ്ഞിലിത്തടിയുടെ അവകാശത്തർക്കത്തിനുമേൽ പത്തുപന്ത്രണ്ടുകൊല്ലം കേസുകളിച്ച് കിടപ്പാടം വിറ്റു കടംവീട്ടി ഒടുവിൽ ജയിച്ചവനും തോറ്റവനും "വേണ്ടായിരുന്നു" എന്നു വീണ്ടുവിചാരത്തിലെത്തുമ്പോൾ കാലം വളരെ വൈകിയിരിക്കും. സൂചികൊണ്ട് എടുക്കാമായിരുന്നത് തൂമ്പാകൊണ്ടുപോലും എടുക്കാൻ കഴിയാത്ത സ്ഥിതി വന്നു ചേരുമെന്ന് ഈ ചാവരുളിൽ പിതാവു നമുക്കു മുന്നറിയിപ്പ് നൽകുന്നു.

കുടുംബപ്രാർഥനയെക്കുറിച്ചുള്ള ചാവരുൾ ഇക്കാലത്ത് ഏറെ പ്രസക്തമായിട്ടുള്ളതാണ്. സന്ധ്യയ്ക്കു കുരിശുമണിയടിച്ചാലുടനെ മാതാപിതാക്കളും മക്കളും ചേർന്നു കുരിശുവരച്ചു പ്രാർഥന ചൊല്ലണം. നമസ്കാരം കഴിഞ്ഞാലുടനേ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്തുവാൻ മക്കളെ പരിശീലിപ്പിക്കണമെന്നും പിതാവ് പറയുന്നു. ഇന്നു കുരിശുമണിയല്ല കൂട്ടമണിയോ മരണമണിയോ അടിച്ചാലും മക്കളെല്ലാം വീട്ടിലെത്തുകയില്ല. പൊതുക്കാര്യപ്രസക്തനായ അപ്പൻ വല്ല കവലയിലോ പാർട്ടി ഓഫീസിലോ ആയിരിക്കും. അമ്മയും കൊച്ചുമക്കളും ടിവിയുടെ മുന്നിലും. പ്രാർഥന ചൊല്ലാൻ പവർകട്ടു വരുന്നതും കാത്തിരിക്കുന്ന കുടുംബങ്ങളുമുണ്ട്. അപ്പോഴെങ്കിലും കുടുംബാംഗങ്ങൾ പ്രാർഥനയ്ക്കെത്തു

മെങ്കിൽ പവർകട്ടും ഒരനുഗ്രഹം തന്നെ. ആർക്കും ഒന്നിനും സമയമില്ല. നേരത്തേ പ്രാർഥനയും കഞ്ഞികുടിയും കഴിഞ്ഞു ഉറങ്ങാൻ പോകണമെന്നും പുലർകാലേ എണീറ്റു പ്രാർഥനയും ചൊല്ലി പണിക്കിറങ്ങണമെന്നുമുള്ള, ചാവറയച്ചന്റെ നിർദേശങ്ങൾക്ക് ഏതാണ്ടു കാലഹരണം വന്നിരിക്കുന്നു!

പെൺകിടാങ്ങളെ കൗമാരപ്രായത്തിൽ അണിയിച്ചൊരുക്കി പ്രദർശന വസ്തുക്കളാക്കി പുറത്തലയാൻ വിടുന്നതിനെ വിമർശിക്കുന്നതാണ് ശ്രദ്ധേയമായ മറ്റൊരു ചാവരുൾ. ഇപ്പോൾ അണിയിച്ചൊരുക്കൽ വീട്ടിൽനിന്ന് ബ്യൂട്ടിപാർലറുകളിലേക്ക് സ്ഥലംമാറ്റം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. എഴുന്നെള്ളത്തിനുള്ള ആനച്ചമയംപോലെയുള്ള പെൺചമയങ്ങൾ ഇപ്പോൾ കല്യാണത്തിനു പോകാൻ മാത്രമല്ല ശവസംസ്കാരത്തിനു പോകാനും അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുകയാണ്. സ്വർണക്കച്ചവടവും പട്ടുവസ്ത്രച്ചന്തകളും (പ്രദർശനമേളകളും) കേരളത്തിലെപ്പോലെ മറ്റൊരു സംസ്ഥാനത്തുമില്ല. ആഭരണം പാടില്ല, മിണ്ടടക്കം വേണം, കണ്ണടക്കം പാലിക്കണം എന്നൊക്കെ ചാവറപ്പിതാവ് പറഞ്ഞാൽ ഇന്ന് അതു കേൾക്കാനാരുണ്ട്? സ്ത്രീസ്വാതന്ത്ര്യവാദത്തോടൊപ്പം സ്ത്രീപീഡന വാർത്തകളും വർധിച്ചുവരുന്ന ഇക്കാലത്ത് ആ ചാവരുളിന്റെ പൊരുളെന്തെന്ന് അല്പമൊന്ന് ധ്യാനിക്കുകയെങ്കിലും ചെയ്യുന്നതു കൊള്ളാം.

പിള്ളപ്പട തള്ളപ്പടയാക്കി വളർത്തുന്നതിനെതിരേയും ചാവറയച്ചൻ താക്കീത് നൽകുന്നുണ്ട്. കുട്ടികൾ തമ്മിലുള്ള വഴക്ക് ഏറിയാൽ ഒരു ദിവസത്തേക്ക് മാത്രമേ നീണ്ടുനിൽക്കുകയുള്ളൂ. അതിനെച്ചൊല്ലിയുണ്ടാകുന്ന മുതിർന്നവരുടെ വഴക്ക് വിനാശകരമായ കലാപങ്ങളിലെത്തിച്ചേരും. ഇതിനെക്കുറിച്ചുള്ള ടോൾസ്റ്റോയിയുടെ കഥ പ്രസിദ്ധമാണല്ലോ. പിള്ളപ്പട ഇന്ന് ഒരു പ്രശ്നമല്ലായിരിക്കാം. ഒരു വീട്ടിൽ ഒന്നോ രണ്ടോ കുട്ടികൾ. അവർക്ക് ട്യൂഷൻ കഴിഞ്ഞിട്ട് അയൽപക്കത്തുള്ളവരുമായി കളിക്കാനും പടകൂടാനും നേരമുണ്ടോ?

മക്കളെ വരുതിക്കു നിർത്തണമെന്നും അവരുടെ മുന്നിൽ മതിപ്പും ബലക്ഷയവും കാണിക്കരുതെന്നും പാടുള്ളിടത്തോളം വീട്ടധികാരം അവരെ ഏല്പിക്കരുതെന്നുമുള്ള 15-ാം ചാവരുൾ ജനാധിപത്യവാദികൾക്കും മന:ശാസ്ത്രജ്ഞൻമാർക്കും രുചിക്കാനിടയില്ല. അപ്പൻ അധ്വാനിച്ചു (അഴിമതി കാട്ടിയോ) സ്വരുക്കൂട്ടിയ പണവുമെടുത്തുകൊണ്ട് മദ്യവും മയക്കുമരുന്നുമടിച്ചുകറങ്ങാൻ പോകുന്ന മക്കളെക്കണ്ട് നിസഹായരായി നോക്കിനിൽക്കേണ്ടിവരുന്ന മാതാപിതാക്കൾക്ക് പക്ഷേ അതിന്റെ അർഥം മനസിലായെന്നു വരും. കാരണവന്മാർ മരിക്കുന്നതിനു മുമ്പേ വസ്തുക്കൾ ഭാഗം ചെയ്തുകൊടുത്തു മക്കളെ മാറ്റി പാർപ്പിക്കണമെന്ന പതിനാറാം ചാവരുളിന്റെ സ്ഥിതിയും ഇതുതന്നെ. ഭാഗം ചെയ്തുകൊടുക്കാൻ മാത്രം വല്ലതുമുള്ള കുടുംബങ്ങളിലെ ഒന്നോ രണ്ടോ മക്കൾ അമേരിക്കയിലേക്കോ ഗൾഫിലേക്കോ മാറിത്താമസിച്ചു കഴിഞ്ഞിരിക്കും. കോൺക്രീറ്റ് മന്ദിരങ്ങളിൽ ഏകാന്തത്തടവിനു വിധിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളും വൃദ്ധമന്ദിരങ്ങളെ അഭയം തേടേണ്ടിവരുന്നവരും മരിച്ചാൽ ഒരു വീഡിയോ എടുത്തയയ്ക്കണമെന്ന നിർദേശം നൽകിയിട്ടായിരിക്കും മക്കൾ മാറിത്താമസം നടത്തുന്നത്. ഞായറാഴ്ച ദിവസം പ്രാർഥനയ്ക്കും ജ്ഞാനവായനയ്ക്കും ധ്യാനത്തിനുമൊക്കെയായി ദൈവത്തിനുവേണ്ടി നീക്കിവയ്ക്കണമെന്ന ഉപദേശവും പാടേ വിസ്മരിക്കപ്പെട്ടിരിക്കുന്നു. ഞായറാഴ്ച കല്യാണത്തിനും ആഘോഷങ്ങൾക്കും സിനിമാകാണലിനും കുടികൂത്താട്ടങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്ന ദിവസമാണ്. വണ്ടിയുടെ ഫുട്ബോഡിൽ നിന്നു യാത്ര ചെയ്യുന്നതുപോലെ പള്ളി വരാന്തയിലോ മരച്ചുവട്ടിലോ ഇരുന്ന് ഒരു മുറിക്കുർബാന കണ്ടെങ്കിലായി- ഇല്ലെങ്കിലുമായി.

ബ്ലേഡുകമ്പനികളിൽനിന്നു കടംവാങ്ങി ബിസിനസു നടത്തി കുത്തുപാളയെടുക്കുന്നവർക്കും ബാങ്കുലോണിൽ കാറുവാങ്ങുന്നവർക്കുമെല്ലാം ചാവറപ്പിതാവു നൽകുന്ന ഒരുപദേശമുണ്ട്. നിവൃത്തിയുണ്ടെങ്കിൽ കടം വാങ്ങരുത്. കടംകൊണ്ടു മുതലുണ്ടാക്കാൻ നോക്കരുത്. വാങ്ങിയാൽ എത്രയുംവേഗം തിരിച്ചുകൊടുക്കണം. ഉപവിയുടെ പേരിലേ കടംകൊടുക്കാവൂ. ആവശ്യക്കാരന് തിരിച്ചുകിട്ടുമെന്ന പ്രതീക്ഷ കൂടാതെ കൊടുക്കുന്നതാണ് ഉപവിയുടെ പേരിലുള്ള വായ്പ. ദാനം ചോദിച്ചു കൈനീട്ടുന്നവരെ വെറുംകൈയോടെ അയയ്ക്കരുതെന്നും ദാനധർമം പരസഹായംമുതലായ നന്മ പ്രവൃത്തികൾ ചെയ്യാത്ത ഒരു ദിവസംപോലും ആയുസിലുണ്ടാകരുതെന്നും, നന്മ ചെയ്യാത്ത ദിവസങ്ങൾ നിത്യായുസിന്റെ പുസ്തകത്തിൽനിന്നു നീക്കം ചെയ്യപ്പെടുമെന്നും ചാവറപ്പിതാവ് തുടർന്നനുസ്മരിപ്പിക്കുന്നു.

വിശ്വാസത്തിനും സദാചാരത്തിനും ചേരാത്ത പുസ്തകങ്ങൾ വായിക്കയോ വീട്ടിൽവച്ചു സൂക്ഷിക്കുയോ ചെയ്യരുതെന്നും ചാവറയച്ചൻ ഓർമിപ്പിക്കുന്നു. അതു വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതുപോലെ അപകടകരമാണെന്നും.

മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള ഉപദേശങ്ങളാണിനിയുള്ളത്. മാതാപിതാക്കൾ അനുദിനം വായിച്ചു ധ്യാനിക്കേണ്ട പ്രധാന ഉപദേശങ്ങളും അവ തന്നെ. "കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നടത്തരുത്. അവർക്ക് മനസിലാകുന്നില്ലായെന്നുവച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ കേൾക്കെ പറയരുത്. അച്ഛനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കാൻ അനുവദിക്കരുത്. സ്വഭാവത്തിൽ അവർക്കറിയാത്തത് പിശാച് അവരെ പഠിപ്പിക്കും. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. കുട്ടികളെ ശിക്ഷിക്കുന്നതിൽ അധികം കടുപ്പവും അധികം ദാക്ഷിണ്യവും കാണിക്കരുത്. മാതാപിതാക്കൾ പരസ്പരം ബഹുമാനിക്കുന്നത് കുട്ടികൾ കണ്ടു പഠിക്കണം. അല്ലെങ്കിൽ മക്കൾ അവരെയും ബഹുമാനിക്കയില്ല- പ്രായത്തിനടുത്ത ജോലി മക്കളെക്കൊണ്ടു ചെയ്യിക്കണം". ഇങ്ങനെയുള്ള ഉപദേശങ്ങൾ ഏത് ആധുനിക മന:ശാസ്ത്രജ്ഞനാണു നിഷേധിക്കാൻ കഴിയുക.

വലിയ ഒരു സാമ്പത്തിക ശാസ്ത്രജ്ഞന്റെ ആധികാരികതയോടെയാണ് "അതിധാരാളിത്തവും ലുബ്ധും രണ്ടു തിന്മയാകുന്നു" എന്നദ്ദേഹം പറയുന്നത്. കുടുംബസദാചാരങ്ങളുടെ പട്ടികയിൽ സ്നേഹിതന്മാരെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. "സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽനിന്ന് ദൈവഭയമുള്ള ഒരുത്തനെ തെരഞ്ഞെടുക്കുക. അവർക്കു വീട്ടിൽ അധികസ്വാതന്ത്ര്യം നൽകരുത്. മദ്യപാന സൗഹൃദം മഹാവിപത്തുകൾ വരുത്തിവയ്ക്കും. മോഷ്ടിച്ച മുതൽ വീട്ടിൽ സൂക്ഷിച്ചുവയ്ക്കാൻ പോലും അനുവദിക്കരുത്. മോഷ്ടാക്കളോടും അഴിമതിക്കാരോടും കൂട്ടുവേണ്ട". ഇങ്ങനെ സുഹൃത്തുക്കളെ സംബന്ധിച്ച ഉപദേശങ്ങൾ പോലെ തന്നെ ശ്രദ്ധേയങ്ങളാണ് ബന്ധുക്കളെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചുള്ള ഉപദേശങ്ങളും. ധനസ്ഥിതി നോക്കിയല്ല ബന്ധുക്കളെ തെരഞ്ഞെടുക്കേണ്ടത്. ദൈവഭയവും നീതിബോധവും സദാചാരവുമുള്ള കുടുംബങ്ങളെ കണ്ടുപിടിച്ച് അവരുമായി ബന്ധുത ചേരണം.

ഇങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളെ സംബന്ധിക്കുന്ന ഒരു പെരുമാറ്റച്ചട്ടവും സദാചാരശാസ്ത്രവുമാണ് കേരളീയ കുടുംബങ്ങൾക്കുള്ള ഒസ്യത്തായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ എഴുതിവച്ചിരിക്കുന്നത്.